"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ല -ഒളവണ്ണ ഗ്രാമപഞ്ചായത്ത് -ഒളവണ്ണ ഫെസ്റ്റ് - തനത് ഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നതിന്-അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1458/2025/LSGD തീയതി,തിരുവനന്തപുരം, 13-06-2025

പരാമർശം:- 1. പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിരുന്ന 21.05.2025 തീയതിയിലെ LSGD/PD/11639/2025-REV4 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ 2025 ഏപ്രിൽ മാസം 21 മുതൽ 27-ാം തീയതി വരെ ഒളവണ്ണ ഫെസ്റ്റ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും പ്രസ്തുത ഫെസ്റ്റ് നടത്തിപ്പിന്റെ ആവശ്യത്തിലേക്കായി തനത് ഫണ്ടിൽ നിന്നും ₹2,00,000/- വിനിയോഗിക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്നുമുള്ള ഒളവണ്ണ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ഭരണ സമിതി തീരുമാനം സഹിതമുള്ള അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തു സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 ഏപ്രിൽ മാസം 21-ാം തീയതി മുതൽ 27-ാം തീയതി വരെ സംഘടിപ്പിച്ച ഒളവണ്ണ ഫെസ്റ്റുമായി ബന്ധപ്പെട്ട ചെലവുകളുടെ ആധികാരികത ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തണമെന്ന നിബന്ധനയിൽ പരമാവധി **₹2,00,000/-(രണ്ട് ലക്ഷം രൂപ മാത്രം)** തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 13-06-2025 11:23:08

പകർപ്പ് : ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.